**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - നിയോജകമണ്ഡല ആസ്തി വികസന പദ്ധതി - 2017-18 സാമ്പത്തിക വർഷം മുതൽ പദ്ധതി ജില്ലാ കളക്ടറേറ്റുകളിലൂടെ നടപ്പാക്കുന്നതിനുള്ള കൂടുതൽ നിർദ്ദേശങ്ങൾ- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്

സ.ഉ.(അച്ചടി) നം.126/2017/ധന. തിരുവനന്തപുരം,തീയതി : 25.09.2017

---

പരാമർശം : സ.ഉ.(അ) നം. 86/2017/ധന. തീയതി 04.07.2017

## <u>ഉത്തരവ്</u>

സൂചനയിലെ ഉത്തരവ് പ്രകാരം 2017-18 സാമ്പത്തിക വർഷം മുതൽ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി ജില്ലാ കളക്ടറേറ്റുകളിലൂടെ നടപ്പാക്കുന്നതിന് ഉത്തരവാകുകയും ആയതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായുള്ള ക്രമീകരണങ്ങൾ സർക്കാർ നടത്തി വരവെ, ഇതു സംബന്ധിച്ച കൂടുതൽ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും വിവിധ കളക്ടറേറ്റുകളിൽ നിന്നും നിയമസഭാ സാമാജികരിൽ നിന്നും ലഭിക്കുകയുണ്ടായി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

1. ഓരോ ജില്ലയിലും ആസ്തി വികസന പദ്ധതിയിൻ കീഴിൽ നിയമസഭാ സാമാജികർ കളക്ടർക്ക് സമർപ്പിക്കുന്ന ശുപാർശകൾ പരിശോധിച്ച് ഭരണാനുമതി ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതിന് ഒരു ഏകീകൃത സ്വഭാവം ഉണ്ടായിരിക്കേണ്ടതാണ്. അതിനായി നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൻ കീഴിലെ ശുപാർശകൾക്ക് അതത് ജില്ലാ കളക്ടർക്ക് കീഴിലുള്ള അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ADC) മുഖേനയായിരിക്കണം ഭരണാനുമതി പുറപ്പെടുവിക്കേണ്ടത്.
2. എം.എൽ.എ.മാർ സമർപ്പിക്കുന്ന ശുപാർശകൾ കൈകാര്യം ചെയ്യുന്ന കളക്ടറേറ്റുകളിലെ ബന്ധപ്പെട്ട വിഭാഗങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനും കമ്പ്യൂട്ടറുകൾ, സ്കാനറുകൾ ആവശ്യമായ സ്റ്റേഷനറി മുതലായവ വാങ്ങുന്നതിനും ഇന്ധനചെലവ് വഹിക്കുന്നതിനും മറ്റ് ഭരണപരമായ ചെലവുകൾക്കുമായി ഓരോ എം.എൽ.എ.യ്ക്കും ആസ്തി വികസന ഫണ്ടായി ഒരു വർഷം വകയിരുത്തിയിട്ടുള്ള വിഹിതത്തിന്റെ 0.25% ഭരണ ചെലവായി കളക്ടർമാർക്ക്

അനുവദിക്കുന്നു. ഇതിന് വേണ്ടി വരുന്ന തുക '5475-00-800-91-Projects under LAC ADS (NP)' എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്. മേൽ ശീർഷകത്തിൽ നിന്നും കളക്ടർമാർ ആവശ്യപ്പെടുന്ന തുക ധനകാര്യ വകുപ്പ് അനുവദിക്കുകയും പ്രസ്തുത തുക ഒരു പ്രത്യേക ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും ജില്ലാ കളക്ടർമാരുടെ മേൽനോട്ടത്തിൽ വിനിയോഗിക്കേണ്ടതുമാണ്. കൂടാതെ ഇതിനായി ഒരു പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധനകൾക്ക് വിധേയമാക്കേണ്ടതുമാണ്. നിലവിൽ 5 കോടി രൂപയാണ് ആസ്തി വികസന ഫണ്ടായി ഒരു സാമ്പത്തിക വർഷം ഒരു എം.എൽ.എ.യ്ക്ക് അനുവദിച്ചിട്ടുള്ളത്. ആയതിന്റെ 0.25% ആയി 1,25,000/- രൂപയാണ് ഇപ്രകാരം അനുവദിക്കുന്നത്. ആയതിനാൽ 2017-18 സാമ്പത്തിക വർഷം മുതൽ ആസ്തി വികസന പദ്ധതിയിൻ കീഴിൽ എം.എൽ.എ.മാർക്ക് ശുപാർശ ചെയ്യാവുന്ന പ്രവൃത്തികളുടെ ആകെ അടങ്കൽ തുക 4,98,75,000/- രൂപായായിരിക്കും.

3. 2017-18 മുതൽ എം.എൽ.എ.മാർ ശുപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി പുറപ്പെടുവിക്കുമ്പോൾ പ്രസ്തുത പ്രവൃത്തിയുടെ ചെലവ് വഹിക്കേണ്ടത് അനുബന്ധമായി ചേർത്തിരിക്കുന്ന ചെലവ് ശീർഷകങ്ങളിൽ നിന്നുമായിരിക്കണം (ഉദാ: പൊതുമരാമത്ത് (റോഡ്) വകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തിയാണെങ്കിൽ 5054-03-337-94 എന്ന ശീർഷകത്തിൽ നിന്നും തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തിയാണെങ്കിൽ 4515-00-800-96 എന്ന ശീർഷകത്തിൽ നിന്നും ആയിരിക്കും). ആയതിനാൽ ഭരണാനുമതി ഉത്തരവിൽ പ്രസ്തുത പ്രവൃത്തിക്കുള്ള ചെലവ് ഏത് ശീർഷകത്തിൽ നിന്നാണ് വഹിക്കേണ്ടതെന്നുള്ള വിവരം നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കേണ്ടതാണ്. സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസികൾ മുഖാന്തിരം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ചെലവുകൾ 5475-00-800-91 എന്ന ശീർഷകത്തിൽ നിന്നുമാണ് വഹിക്കേണ്ടത്. **സൂചന ഉത്തരവിലെ ഖണ്ഡിക 2.5 മേൽ പ്രകാരം പരിഷ്കരിച്ചിരിക്കുന്നു.**

4. ഇപ്രകാരം ഭരണാനുമതി പുറപ്പെടുവിച്ച് പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ (ഭാഗികമോ/ അന്തിമമോ ആയ ബില്ലുകൾ) മാറി നൽകുന്നതിന് നിലവിലുള്ള രീതി തന്നെ തുടരുന്നതായിരിക്കും. അതായത്, പ്രവൃത്തികളുടെ ഗുണഭോക്തൃ വകുപ്പുകൾ, പ്രവൃത്തി വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്ന മുറയ്ക്ക് വകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള ശീർഷകങ്ങളുടെ നിയന്ത്രണാധികാരി ബില്ലുകൾ മാറി

നൽകുന്നതായിരിക്കും. (എഞ്ചിനീയറിംഗ് വിംഗുകൾ ഇല്ലാത്ത വകുപ്പുകൾ ആണെങ്കിൽ പൊതുമരാമത്ത് വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥനായിരിക്കും നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തേണ്ടത്). അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ മേൽനോട്ടം ഗുണഭോക്തൃ വകുപ്പ് തന്നെ നടത്തേണ്ടതും അവർ സമർപ്പിക്കുന്ന ബില്ലുകൾ ആ വകുപ്പിൽ പരിശോധിച്ച് അനുബന്ധ രേഖകളോടെ ശുപാർശയോടു കൂടി ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി അയയ്ക്കേണ്ടതും ധനവകുപ്പ് തുക അനുവദിച്ച് ഉത്തരവാകുന്നതുമാണ്. എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കുന്ന പ്രവൃത്തികളുടെ ചെലവുകൾ 4515-00-800-96 എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതും ആയതിനുള്ള ബില്ലുകൾ ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ് തന്നെ മാറി നൽകുന്ന രീതി തുടരുന്നതുമാണ് (ഉദാ: ഹൈമാസ്റ്റ്/ ലോമാസ്റ്റ് വിളക്കുകൾ, തെരുവു വിളക്കുകൾ എന്നിവ സ്ഥാപിച്ചതിനുള്ള ബില്ലുകൾ).

5. ജില്ലാ കളക്ടർമാർ പുറപ്പെടുവിക്കുന്ന ഭരണാനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ശീർഷകങ്ങളുടെ നിയന്ത്രണാധികാരികൾ ബില്ലുകൾ മാറി നൽകേണ്ടതാണ്.

6. മരാമത്ത് പണികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള സംവിധാനം നിലവിൽ കളക്ടറേറ്റുകളിൽ ഇല്ലാത്തതിനാൽ DPR/ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന ഉദ്യോഗസ്ഥൻ തന്നെ അവരവരുടെ സാമ്പത്തികാധികാരം ഉപയോഗിച്ച് പ്രവൃത്തികൾക്കുള്ള സാങ്കേതികാനുമതി നൽകാവുന്നതാണ്.

7. 2017-18 സാമ്പത്തിക വർഷം മുതൽ എം.എൽ.എ.മാർക്ക് തങ്ങളുടെ ശുപാർശകൾ നേരിട്ട് LAC ADS പോർട്ടലിലേക്ക് അപ് ലോഡ് ചെയ്യാവുന്നതാണ്. ആയതിനുള്ള നിർദ്ദേശങ്ങൾ പ്രത്യേകമായി പുറപ്പെടുവിക്കുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**കെ.എസ്.ഉഷ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), ( ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം,
2. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
3. ബഹു. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
4. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
5. എല്ലാ മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്

6. എല്ലാ എം.എൽ.എ. മാർക്കും
7. എല്ലാ ഭരണവകുപ്പുകൾക്കും
8. എല്ലാ വകുപ്പധ്യക്ഷൻമാർക്കും
9. എല്ലാ ജില്ലാ കളക്ടർമാർക്കും
10. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർക്ക്
11. അഡീഷണൽ സെക്രട്ടറി, ധനകാര്യ പരിശോധനാ വിഭാഗം
12. എല്ലാ ചീഫ് എഞ്ചിനീയർമാർക്കും
13. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
14. എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും
15. നോഡൽ ഓഫീസർ, www.finance.kerala.gov.in
16. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

## BUDGET ESTIMATE 2017-18 UNDER LAC ADS

| Sl. No. | Name of the Department | Head of Account |
|---|---|---|
| 1 | Agriculture | 4401-00-001-98 |
| 2 | Khadi | 4851-00-105-97 |
| 3 | Coir (Industries) | 4851-00-106-78 |
| 4 | Co-operation | 4425-00-108-29 |
| 5 | Culture (1) | 4202-04-101-97 (01) – Construction of Children's Theatre at Jawahar Balabhavan |
| 6 | Culture (2) | 4202-04-105-98(01)- Construction of Mooloor library |
| 7 | Gen Edn | 4202-01-800-88 |
| 8 | Sports | 4202-03-102-99 |
| 9 | Tech Edn | 4202-02-800-85 |
| 10 | Fire Force | 2070-00-108-87 |
| 11 | Fisheries | 4405-00-800-75 |
| 12 | Health | 4210-02-800-95 |
| 13 | Transport | 3055-00-190-97-35 |
| 14 | KSRTC (Transport) | 5055-00-190-95 |
| 15 | Transport | 5055-00-800-77-16 |
| 16 | LSGD | 4515-00-800-96 |
| 17 | Ports | 5051-02-200-71 |
| 18 | Power | 2801-80-190-99 |
| 19 | Power (Total Electrification) | 4801-80-101-98 |
| 20 | PWD (Buildings) | 4059-60-051-72 |
| 21 | PWD (Bridges) | 5054-03-101-98 |
| 22 | PWD (Roads) | 5054-03-337-94 |
| 23 | Social Justice | 4235-02-102-92 |
| 24 | WRD (Irrigation) | 4700-80-800-89 |
| 25 | WR (Water Supply) | 4215-01-800-93 |
| 26 | Capital Outlay on other general economic services | 5475-00-800-91 |
| 27 | SC/ST Development | 4225-80-800-98 |
| 28 | Forest | 4406-01-101-97 |
| 29 | Tourism | 5452-01-101-90 |